**Kudumbashree**
*State Poverty Eradication Mission*
Local Self Govt.Department, Govt.of Kerala

11169/D/17/KSHO 05/12/2017

പ്രേഷക
ഡയറക്ടർ (എ&എഫ്)
കുടുംബശ്രീ

സ്വീകർത്താവ്
എല്ലാ ജില്ലാ മിഷൻ കോ ഓർഡിനേറ്റർമാർക്കും
കുടുംബശ്രീ

സർ,

**വിഷയം – കുടുംബശ്രീ – KASE – ജീറിയാട്രിക് കെയർ, ഹോംസ്റ്റേ, ഡ്രൈവിംഗ് എന്നീ മേഖലയിൽ പരിശീലനം ആരംഭിക്കുന്നത് – സംബന്ധിച്ച്**

കുടുംബശ്രീയും കേരളാ അക്കാഡമി ഫോർ സ്കിൽ എക്സ്ലൻസും (KASE) സംയുക്തമായി തെരഞ്ഞെടുക്കപ്പെട്ട 3 മേഖലകളിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. **ജീറിയാട്രിക് കെയർ**

ജീറിയാട്രിക് കെയർ വോളണ്ടിയേഴ്സിനുള്ള പരിശീലനത്തിനായി ആദ്യഘട്ടത്തിൽ ഒരു ജില്ലയിൽ നിന്നും 30 പേർ എന്ന നിലയിൽ സംസ്ഥാനത്തുടനീളം 420 പേർക്ക് പരിശീലനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് താങ്കളുടെ ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പരിശീലനാർത്ഥികളുടെ പേര്, വയസ്സ്, വിദ്യാഭ്യാസ യോഗ്യത സിഡിഎസ് എന്നീ വിവരങ്ങൾ സംസ്ഥാനമിഷന് ലഭ്യമാക്കേണ്ടതാണ്. ടി പ്രവർത്തനത്തിന്റെ സാധ്യതകൾ, വെല്ലുവിളികൾ എന്നിവ ബോധ്യപ്പെട്ട് പരിശീലനത്തിൽ പങ്കെടുക്കാൻ കഴിയുന്ന സംരംഭകരെ മാത്രമേ തിരഞ്ഞെടുക്കാവൂ.

2. **ഹോംസ്റ്റേ**

നൂതന സംരംഭ ആശയമെന്ന നിലയിൽ ടൂറിസത്തിന്റെ സാധ്യത കണക്കിലെടുത്ത് സംസ്ഥാനത്തുടനീളം 31 ഹോംസ്റ്റേകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. ഒരു യൂണിറ്റിൽ കുറഞ്ഞത് 5 അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. കടൽ–കായൽ തീരങ്ങൾ, മലയോരപ്രദേശങ്ങൾ, മറ്റ് വിനോദ സഞ്ചാരമേഖലകൾ എന്നിവിടങ്ങളോടനുബന്ധിച്ച് ഹോംസ്റ്റേകൾ ആരംഭിക്കാവുന്നതാണ്.

| ക്ര നം. | ജില്ലകൾ | യൂണിറ്റുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1. | തിരുവനന്തപുരം | 3 | 15 |
| 2. | പത്തനംതിട്ട | 2 | 10 |
| 3. | ആലപ്പുഴ | 5 | 25 |
| 4. | കോട്ടയം | 3 | 15 |
| 5. | ഇടുക്കി | 2 | 10 |
| 6. | എറണാകുളം | 4 | 20 |
| 7. | പാലക്കാട് | 3 | 15 |
| 8. | വയനാട് | 3 | 15 |
| 9. | കോഴിക്കോട് | 2 | 10 |
| 10. | കണ്ണൂർ | 2 | 10 |
| 11. | കാസർഗോഡ് | 2 | 10 |
| **ആകെ** | | **31** | **155** |

താങ്കളുടെ ജില്ലയിൽ ഹോംസ്റ്റേ ആരംഭിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട വിനോദസഞ്ചാര മേഖല , സിഡിഎസ്, അംഗങ്ങളുടെ പേര്, എണ്ണം, ഫോൺ നമ്പർ എന്നിവ സംസ്ഥാന മിഷനെ അറിയിക്കേണ്ടതാണ്.

3. **ഡ്രൈവിംഗ് (ഓട്ടോ, കാർ, ബസ്)**

സംസ്ഥാനത്തുടനീളം 154 പേർക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് താങ്കളുടെ ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ പേര്, വയസ്, വിദ്യാഭ്യാസ യോഗ്യത, സിഡിഎസ് എന്നിവ സംസ്ഥാന മിഷനെ അറിയിക്കേണ്ടതാണ്. റയിൽവേ പാർക്കിംഗ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരെയും മൂല്യവർദ്ധിത സേവനങ്ങളിൽ (വാലറ്റ് പാർക്കിംഗ്) ഏർപ്പെടുന്നതിലേയ്ക്കായി പരിഗണിക്കാവുന്നതാണ്.

മേൽവിശദാംശങ്ങളും 3 മേഖലയിലേയ്ക്കും താങ്കളുടെ ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട വൈദഗ്ദ്ധ്യ പരിശീലന ഏജൻസികളുടെ വിശദാംശങ്ങളും അടങ്ങുന്ന റിപ്പോർട്ട് ഡിസംബർ 20 നുള്ളിൽ സംസ്ഥാനമിഷനിൽ സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

പ്രോഗ്രാം ഓഫീസർ (എം.ഇ.)
ഡയറക്ടർ (എ&എഫ്)ക്കുവേണ്ടി
കുടുംബശ്രീ